**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **12-12-2022 - ൽ മറുപടിയ്ക്ക്**

**വിതുര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിതുര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് ആയുഷ് വകുപ്പിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വിതുര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് ആയുഷ് വകുപ്പിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നിർദ്ദിഷ്ട ഭൂമിയുമായി ബന്ധപ്പെട്ട് OS/246/ 2020 നമ്പരായി കേസ് നിലനിൽക്കുന്നു. വിതുര ഗ്രാ. പ. ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ടിന്റെ ആദ്യ ഗഡുവായ 27 ലക്ഷം രൂപ ഹോമിയോ വകുപ്പ് അനുവദിക്കുകയും, ഈ തുക PWD കെട്ടിട വിഭാഗത്തിന് കൈമാറി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ആരംഭിച്ചിട്ടുള്ളതാണ്. സമീപത്തെ പുരയിടത്തിന്റെ ഉടമ പുരയിടം സംബന്ധിച്ച് പഞ്ചായത്തിനെതിരെ നൽകിയ കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | അതിർത്തി നിശ്ചയിച്ച് ലഭ്യമാക്കുന്നതിന് തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതും വിചാരണ നടക്കുന്നതിനാൽ കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ അളവ് നടപടി പൂർത്തിയാക്കാൻ സാധിക്കുവെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ ടി വിഷയം സംബന്ധിച്ച് ബഹു.കോടതി കമ്മീഷനെ നിയോഗിച്ച് പരിശോധിച്ചിട്ടുള്ളതും കമ്മീഷൻ റിപ്പോർട്ട് ബഹു.കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ